# CAREER Updates
# പത്രവൃത്താന്തം

21.09.2024
(ശനി)

- ⇨ ഫുഡ് സേഫ്റ്റി ആൻഡ് സ്റ്റാൻഡേർഡ്സ് അതോറിറ്റി ഓഫ് ഇന്ത്യയുടെ 2024-ലെ ഭക്ഷ്യ സുരക്ഷാ സൂചികയിൽ ഒന്നാമതെത്തിയ സംസ്ഥാനം
- ✔ കേരളം
- ● തുടർച്ചയായ രണ്ടാം വർഷമാണ് ഫുഡ് സേഫ്റ്റി ആൻഡ് സ്റ്റാൻഡേർഡ്സ് അതോറിറ്റി ഓഫ് ഇന്ത്യയുടെ ഭക്ഷ്യ സുരക്ഷാ സൂചികയിൽ കേരളം ഒന്നാമതെത്തുന്നത്. ഭക്ഷ്യ പരിശോധന, സാമ്പിൾ പരിശോധന, പ്രോസിക്യൂഷൻ കേസുകൾ, എൻ.എ.ബി.എൽ. അംഗീകാരമുള്ള ലാബുകളുടെ എണ്ണം, ലാബുകളിലെ പരിശോധനാ മികവ്, മൊബൈൽ ലാബിന്റെ പ്രവർത്തനം തുടങ്ങി 40-ഓളം മേഖലകളിലെ പ്രവർത്തന മികവാണ് ഭക്ഷ്യ സുരക്ഷാ സൂചികയിൽ കേരളത്തിന് ഒന്നാം സ്ഥാനം നേടിക്കൊടുത്തത്. തമിഴ്നാട്, ജമ്മു കാശ്മീർ എന്നിവയാണ് സൂചികയിൽ യഥാക്രമം രണ്ടും മൂന്നും സ്ഥാനങ്ങളിൽ.

- ⇨ 2024 സെപ്തംബറിൽ ഇന്ത്യൻ വ്യോമ സേനയുടെ പുതിയ മേധാവിയായി നിയമിതനായത്
- ✔ എയർ മാർഷൽ അമർ പ്രീത് സിങ്
- ⇨ 2024 സെപ്തംബറിൽ കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാ ശാലയുടെ വൈസ് ചാൻസലറായി നിയമിതനായത്
- ✔ ഡോ. എം. ജുനൈദ് ബുഷ്റി

- ⇨ ലോക അൽഷിമേഴ്സ് ദിനമായി ആചരിക്കപ്പെടുന്നത്
- ✔ സെപ്തംബർ 21
- ● 'ഡിമെൻഷ്യയിൽ പ്രവർത്തിക്കാനുള്ള സമയം, അൽഷിമേഴ്സിൽ പ്രവർത്തിക്കാനുള്ള സമയം' എന്നതാണ് 2024-ലെ ലോക അൽഷിമേഴ്സ് ദിനത്തിന്റെ പ്രമേയം.
- ⇨ 2024-ലെ മിസ് ഇന്ത്യ വേൾഡ്വൈഡ് കിരീടം നേടിയത്
- ✔ ധ്രുവി പട്ടേൽ
- ⇨ നാലാം വാർഷിക ക്വാഡ് ലീഡേഴ്സ് ഉച്ചകോടിയ്ക്ക് വേദിയായ രാജ്യം
- ✔ യു.എസ്.എ.
- ⇨ ലോകാരോഗ്യ സംഘടന അടുത്തിടെ ലോകത്തെ ആദ്യ കുഷ്ഠരോഗ രഹിത രാജ്യമായി പ്രഖ്യാപിച്ചതേത് രാജ്യത്തെയാണ്?
- ✔ ജോർദാൻ
- ⇨ 2024 സെപ്തംബറിൽ ഇന്ത്യയിലെ ഏറ്റവും നീളം കൂടിയ റോപ്പ്വേ ആരംഭിച്ച സംസ്ഥാനം
- ✔ സിക്കിം
- ⇨ ഇന്ത്യയുടെ നദീതട സംസ്കാരങ്ങളുമായി ബന്ധപ്പെട്ട 2024-ലെ ത്രിദിന നദീ ഉത്സവത്തിന്റെ വേദി
- ✔ ന്യൂഡൽഹി
- ⇨ കാനഡയിലെ ടൊറന്റോ യൂണിവേഴ്സിറ്റി ആസ്ഥാനമായി പ്രവർത്തിക്കുന്ന അസോസിയേഷൻ ഫോർ സ്റ്റഡീസ് ഓഫ് ന്യൂറോൺസ് ആൻഡ് ബ്രെയിൻ ഡിസീസസ് നൽകുന്ന ഇൻവെസ്റ്റിഗേറ്റർ പുരസ്കാരം ലഭിച്ച മലയാളി ഗവേഷകൻ
- ✔ ഡോ. സജികുമാർ ശ്രീധരൻ
- ⇨ ലോക സമാധാന ദിനമായി ആചരിക്കപ്പെടുന്നത്
- ✔ സെപ്തംബർ 21
- ● 'സമാധാനത്തിന്റെ സംസ്കാരം വളർത്തിയെടുക്കൽ' എന്നതാണ് 2024-ലെ ലോക സമാധാന ദിനത്തിന്റെ പ്രമേയം.

CAREER GUIDANCE BUREAU


കരിയർ ഗൈഡൻസ് ബ്യൂറോ
ആറ്റിങ്ങൽ & തമ്പാനൂർ ✆ 8590 333 999